

THURSDAY 07.09.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–07/09/2023.

1. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമന നെടുക്കാട് പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ പച്ചക്കറി തൈകൾ രണ്ട് - മൂന്ന് രൂപ നിരക്കിൽ ലഭിക്കും. ഉമ ഇനം നെൽവിത്ത്, മണ്ണിര കംപോസ്റ്റ്, ചകിരിച്ചോർ കമ്പോസ്റ്റ്, കൂൺ വിത്ത് എന്നിവയും ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0471 - 2343586, 9847022929

2. ബയോപാക്ക് ഇന്ത്യ നടത്തുന്ന രാജ്യാന്തര ജൈവ ഉത്പന്നമേള ഈ മാസം ഏഴു മുതൽ 9 വരെ ഡൽഹിയിലെ നോയിഡ എക്സ്പോ സെന്ററിൽനടത്തപ്പെടുന്നു ജൈവ ഉത്പന്നങ്ങളുടെ വിപണവും ഉ്ായിരിക്കുന്നതാണ്.

3. സെറികൾച്ചർ, തേൻ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, ഫാം വേസ്റ്റ് മാനേജ്മെന്റ്, പ്ലാന്റ് ക്വാറന്റീൻ തുടങ്ങിയ പുതിയ ഘടകങ്ങൾക്കു കൂടി അഗ്രികൾച്ചർ ഇൻഫ്രകൂർ ഫണ്ടിലൂടെ (AIF) ഈ സാമ്പത്തിക വർഷം സഹായം നൽകും. തേനീച്ച വളർത്തൽ, തേൻ ശേഖരണം, സംസ്കരണം എന്നിവയ്ക്ക് ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങി യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് സഹായം. കൃഷിയിട അവശിഷ്ടങ്ങൾ സംസാരിക്കുന്ന യൂണിറ്റുകൾക്കും ബയോഗ്യാസ് പ്ലാന്റുകൾക്കും അടിസ്ഥാന സൗകര്യമൊരുക്കാനും സഹായമുണ്ട്. കൂൺകൃഷി, വെർട്ടിക്കൽ ഫാമിംഗ്, ഏറോപോണിക്സ് ,ഹൈഡ്രോപോണിക്സ്, പോളിഹൗസ്, ഗ്രീൻഹൗസ് തുടങ്ങി മുപ്പതോളം ഘടകങ്ങൾക്കും സഹായം നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവൻ തലത്തിലോ എ ഐ എഫ് മേഖല കോഡിനേറ്റർമാരുമായോ ബന്ധപ്പെടുക.. തിരുവനന്തപുരം 8921540233, 9020060507 കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം 6235277042, ഇടുക്കി, എറണാകുളം 9048843776, തൃശ്ശൂർ, പാലക്കാട്, മലപ്പുറം 8075480273, വയനാട് കോഴിക്കോട് 8921785327, കണ്ണൂർ, കാസർഗോഡ് 7907118539

**പരിശീലന പരിപാടി**

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"മുയൽ വളർത്തൽ ലാഭകരമാക്കാം"** എന്ന വിഷയത്തിൽ ഈ മാസം 12ന് (12/09/2023) രാവിലെ 10.00 മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിശീലന പരിപാടികൾ 2023 സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ഈ മാസം 15 ന് കേക്ക് നിർമാണവും അലങ്കാരവും, 19 ന് മുട്ടക്കോഴി വളർത്തൽ, 20 ന് അലങ്കാരമത്സ്യകൃഷി, 29 ന് തേനീച്ച വളർത്തൽ എന്നിവയിലാണ് പരിശീലനം. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപെടുക

6. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് സെപ്തംബർ 12 മുതൽ 16 വരെയുള്ള 5 ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള ക്ഷീര കർഷകർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ ഈ മാസം 8 ന് (08.09.2023) വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476- 2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടി.എ യും ഡി.എ യും ഉണ്ടായിരിക്കുന്നതാണ്.

7. **കാർഷിക നിർദ്ദേശം ഇഞ്ചി- ഇലപ്പുള്ളി രോഗം** – രോഗം ബാധിച്ച ചെടികൾ പിഴുത് നശിപ്പിക്കുക. മുൻകരുതലായി ഹെക്സാകൊണാൾ, ഒരു മില്ലി പ്രൊപ്പികൊണാസോൾ, രണ്ട് ഗ്രാം സാഫ്, രണ്ടര ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ്, രണ്ട് ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ്, ഒരു ഗ്രാം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ഒരുശതമാനം ബോർഡോമിശ്രിതം തളിച്ച്കൊടുക്കുക. രോഗത്തിന്റെ തീവ്രത അനുസരിച്ചു രണ്ടാഴ്ച്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്